TUESDAY 11/03/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor: Haripriya Devi VV (I/C)**  **Editor: Dr. Binu Harriet Ivan**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/03/2025

1. അഗ്രി ക്ലിനിക്കുകൾക്ക് പുതുജീവൻ നൽകി തൃശ്ശൂർ ജില്ലയിൽ കാർഷിക വിപ്ലവത്തിന് ഒരുങ്ങുകയാണ് കൃഷിവകുപ്പ്. നിർജ്ജീവമായിരുന്ന 'അഗ്രി ക്ലിനിക്കുകൾ - കൃഷി ഉദ്യോഗസ്ഥർ കൃഷിയിടങ്ങളിലേക്ക് പദ്ധതി പുതിയ സാങ്കേതികവിദ്യകളും അറിവും പ്രയോജനപ്പെടുത്തി കാര്യക്ഷമമാക്കുകയാണ് പദ്ധതിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. എസ് പ്രിൻസ് ഓൺലൈനായി നിർവ്വഹിച്ചു. കൃഷിഭവന്റെ നേതൃത്വത്തിൽ കൃഷി ഓഫീസറും കൃഷി അസിസ്റ്റന്റും പ്രാദേശിക തലത്തിൽ വാർഡ് സന്ദർശനം നടത്തി കൃഷിയെക്കുറിച്ചുള്ള പുതിയ പ്രവണതകൾ, കീട നിയന്ത്രണം, വിത്ത് വളം, സർക്കാർ ആനുകൂല്യങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള അറിവുകൾ പങ്കുവയ്ക്കുകയും പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യും. ആഴ്ചയിലെ രണ്ടു ദിവസങ്ങളിൽ അഗ്രി ക്ലിനിക്കിനായി ഉദ്യോഗസ്ഥർ കൃഷിയിടങ്ങളിൽ എത്തും. കൃഷി അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ബാങ്കുകളുടെ പ്രതിനിധികൾ, കാർഷിക യൂണിവേഴ്സിറ്റി ശാസ്ത്രജ്ഞർ എന്നിവരുടെ സേവനങ്ങളും അഗ്രി ക്ലിനിക് വഴി ലഭ്യമാക്കും

2. ആലപ്പുഴ ചെങ്ങന്നൂർ മുളക്കുഴ പഞ്ചായത്തിൽ എംബാങ്കുമെൻ്റ് മത്സ്യകൃഷി പദ്ധതിക്ക് തുടക്കമായി. പത്താം വാർഡിലെ ചാങ്ങപ്പാടം ചാലിൽ ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ മത്സ്യകൃഷി പദ്ധതി ഉദ്ഘാടനം ചെയ്തു. ജലനിധി മത്സ്യ കർഷക ഗ്രൂപ്പിന്റെ നേതൃത്വത്തിലുള്ള സ്വയംസഹായ സംഘം വഴി ഒരു ഹെക്ടർ സ്ഥലത്ത് 1000 കരിമീൻ കുഞ്ഞുങ്ങളെയും 9000 വരാൽ കുഞ്ഞുങ്ങളെയുമാണ് നിക്ഷേപിച്ചത്. പരിസ്ഥിതി സൗഹൃദ രീതിയിൽ താൽക്കാലിക തടയണകൾ തയ്യാറാക്കി

തദ്ദേശീയ മത്സ്യ വിത്തുകൾ നിക്ഷേപിച്ച് ശാസ്ത്രിയ പരിപാലന മുറകളിലൂടെ വളർത്തിയെടുക്കുന്ന പദ്ധതിയാണ് എംബാങ്കുമെൻ്റ്. ഹെക്ടറിന് 15 ലക്ഷം രൂപയാണ് യൂണിറ്റ് ചെലവ്. 60 ശതമാനം തുക ഫിഷറീസ് വകുപ്പ് സബ്സിഡിയായി നൽകും. ബാക്കി ഗുണഭോക്തൃ വിഹിതമാണ്. കൃത്യമായ ശാസ്ത്രീയ പരിപാലനത്തിലൂടെ നാലു മുതൽ ആറു മാസക്കാലം കൊണ്ട് 300 മുതൽ 400 ഗ്രാം വരെയുള്ള മത്സ്യക്കുഞ്ഞുങ്ങളെ വിളവെടുക്കാം.

3. കേരള കാർഷിക സർവ്വകലാശാല, അഗ്രി ബിസിനസ്സ് ഇൻക്യുബേറ്റർ, ഭക്ഷ്യ സംസ്ക്കരണ മേഖലയിൽ സംരംഭം തുടങ്ങുന്നവർക്കായി Detailed Project Report തയ്യാറാക്കി നൽകുന്നു.താത്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് 0487 2438332 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. പതിനാലാമത് ദേശീയ ഹോർട്ടി എക്സ്പോ 2025 - നോടനുബന്ധിച്ച് മാർച്ച് 21, 22 23 തീയതികളിൽ മുസാഫർ നഗർ ബീഹാറിൽ വച്ച് ദേശീയ ഹോർട്ടികൾച്ചർ സമ്മിറ്റ് സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ചു കോൺഫറൻസ്, എക്സിബിഷൻ, നെറ്റ്വർക്കിംഗ് സമ്മിറ്റ്, B2B മീറ്റ് എന്നിവ ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9899380104, 9811553035 എന്ന നമ്പറിലോ ifloramtpl@gmail.com എന്ന മെയിൽ ഐഡിയിലോ ബന്ധപ്പെടാവുന്നതാണ്

5. റബ്ബർബോർഡിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ റബ്ബർതോട്ടങ്ങള് ജിയോ മാപ്പിങ് ചെയ്യുന്ന നടപടികൾക്ക് അടുത്ത ആഴ്ച തുടക്കമാകും. ഭൂമിയുടെ ഉടമസ്ഥാവകാശം, വിസ്തൃതി, റബ്ബർതോട്ടങ്ങളുടെ അതിരുകൾ തുടങ്ങിയ വിശദാംശങ്ങൾ ശേഖരിച്ചുകൊണ്ടാണ് മാപ്പിങ് നടത്തുന്നത്. തുടക്കത്തിൽ കേരളത്തിലെ റബ്ബർകൃഷിയുള്ള പത്ത് ജില്ലകളിലായിരിക്കും ഡിജിറ്റൽ മാപ്പിങ് നടത്തുക. തുടർന്ന് മറ്റ് പ്രദേശങ്ങളിലും

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇത് നടപ്പാക്കും. ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന റബ്ബര് യൂറോപ്യൻ യൂണിയന്റെ വനനശീകരണ ചട്ടങ്ങൾ (ഇ.യു.ഡി.ആർ.) അനുസരിച്ചുള്ള ഇന്ത്യൻ സുസ്ഥിര പ്രകൃതിദത്തറബ്ബർ (ഐ.എസ്.എൻ.ആർ. - iSNR ) ആണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതിന്റെ ഭാഗമായാണ് ഇപ്പോൾ ജിയോ മാപ്പിങ് ചെയ്യുന്നത്. പ്രകൃതിദത്തറബ്ബറിന്റെ വ്യവസായത്തിൽ ഇന്ത്യയുടെ അന്താരാഷ്ട്ര നിലവാരം ഉയർത്തുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. ട്രേസബിലിറ്റി സർട്ടിഫിക്കറ്റ്, റബ്ബറിന്റെ ഉറവിടം എവിടെയാണെന്നും അവിടെ യൂറോപ്യൻ യൂണിയന്റെ വനനശീകരണ നിയന്ത്രണങ്ങൾ (ഇ.യു.ഡി.ആർ.) പാലിക്കുന്നുണ്ടെന്നും ഉറപ്പുനൽകുന്നു. ഈ സർട്ടിഫിക്കേഷന് ഇന്ത്യയിൽ നിന്ന് റബ്ബർ കയറ്റുമതി ചെയ്യുന്നവർക്ക് സുസ്ഥിരതയും വ്യവസായവളർച്ചയും ലഭിക്കാൻ സഹായകമാകുന്നതിനൊപ്പം യൂറോപ്യൻ വിപണിയിൽ സജീവമാകാനും ഉപകരിക്കും. റബ്ബറുത്പന്നങ്ങൾ നിർമിക്കുമ്പോൾ വനനശീകരണത്തിനുള്ള നിയന്ത്രണങ്ങൾ പൂർണമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ' ഡ്യൂ ഡിലിജൻസ് ' സർട്ടിഫിക്കറ്റ് നൽകും. റബ്ബർ കയറ്റുമതിക്കാർക്ക് ആവശ്യമായ രേഖകളും ജിയോ ലൊക്കേഷന് വിവരങ്ങളും ഉപയോഗപ്പെടുത്തി റബ്ബർബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) വഴി iSNR പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യാൻ കഴിയും. റബ്ബർബോർഡ് വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യുന്ന കയറ്റുമതിക്കാർക്ക് മാപ്പിങ് പൂർത്തിയാകുന്ന മുറയ്ക്ക്, ഇ.യു.ഡി.ആർ. നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ ട്രേസബിലിറ്റി സർട്ടിഫിക്കറ്റുകള്, ഡ്യൂ ഡിലിജൻസ് ഡിക്ലറേഷനുകൾ, ജിയോ ലൊക്കേഷൻ ഡേറ്റ തുടങ്ങി ആവശ്യമായ എല്ലാ രേഖകളും ഈ പ്ലാറ്റ്ഫോം വഴി നൽകും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### പരിശീലന പരിപാടി

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **"Organic Agricultural Management"** എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷന് ഫോറം പൂരിപ്പിച്ചു സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : **2025 ഏപ്രിൽ 6**. കോഴ്സ് ആരംഭിക്കുന്ന തീയതി: **2025 ഏപ്രിൽ 7.** കൂടുതൽ വിവരങ്ങള് വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

### കാർഷിക നിർദേശം

7. **കുമ്പളത്തിലെ ഫ്യൂസേറിയം വാട്ടം:**

ലക്ഷണങ്ങൾ :ഇലകളിൽ നിന്നും ജലാംശം നഷ്ടപ്പെട്ട് ചെടി വാടി പോകുന്നതാണ് രോഗ ലക്ഷണം. രോഗം ബാധിച്ച ചെടി മഞ്ഞളിച്ച് വാടിപ്പോകുന്നു. തണ്ടിന്റെ അടിഭാഗം വീർത്ത് പൊട്ടി അതിനോടനുബന്ധിച്ച് ചെടി നശിച്ച് പോകുന്നു

**നിയന്ത്രണ മാർഗങ്ങൾ** :

സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തടത്തിൽ ഒഴിക്കുക ട്രൈക്കോഡർമ്മ സമ്പുഷ്ട ചാണകം ചെടിയുടെ കടയ്ക്കൽ ചേർത്ത് കൊടുക്കുക. ഹെക്സാകൊണസോൾ 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലായനിയാക്കി ചുവട്ടിൽ ഒഴിക്കുക.